# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3217

18.10.2016- ൽ മറുപടിക്ക്

## സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും വായ്പ കുടിശ്ശിക

**ചോദ്യം**

**ശ്രീ. കെ.സി.ജോസഫ്**
**" കെ.എസ്.ശബരീനാഥൻ**
**" എൽദോസ് കുന്നപ്പിള്ളി**
**" വി.ഡി.സതീശൻ**

**മറുപടി**

**ശ്രീ. എ.സി.മൊയ്തീൻ**
(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും വായ്പ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും വായ്പ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനുമായി 2011, 2012, 2014, 2015, 2016 വർഷങ്ങളിൽ "ആശ്വാസ്" എന്ന പേരിൽ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ബി) എന്തെല്ലാം പദ്ധതികളാണ് ഇതനുസരിച്ച് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സംഘങ്ങളുടെ/ ബാങ്കുകളുടെ വായ്പ കുടിശ്ശിക കുറയ്ക്കുക, വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുക, സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് ആശ്വാസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

സി) ഈ പദ്ധതികളിലൂടെ എന്ത് തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ആശ്വാസ് പദ്ധതികളിലൂടെ പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2011 – 1007.05 കോടി രൂപ

2012 – 1995.61 കോടി രൂപ

2014 – 3079.53 കോടി രൂപ

2015 – 4030.98 കോടി രൂപ

2016 – 4089.78 കോടി രൂപ

| | |
|---|---|
| ഡി) എത്ര കോടി രൂപയുള്ള ആനുകൂല്യങ്ങളാണ് വായ്പക്കാർക്ക് നൽകിയതെന്ന് അറിയിക്കുമോ? | (ഡി) ചുവടെ ചേർക്കുന്ന തുകകൾ വായപക്കാർക്ക് ആനുകൂല്യമായി നൽകിയിട്ടുണ്ട്.<br><br>2011 – 45.62 കോടി രൂപ<br>2012 – 53.48 കോടി രൂപ<br>2014 – 128.39 കോടി രൂപ<br>2015 – 140.54 കോടി രൂപ<br>2016 – 132.77 കോടി രൂപ |

**സെക്ഷൻ ഓഫീസർ**